മി. ഡെപ്യൂട്ടി സ്പീക്കർ: അംഗീകരിച്ചിരിക്കുന്നു.

(2) 1979-ലെ കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബിൽ

**Shri R.S. Unni:** Sir, I introduce the Kerala cashew workers welfare Fund Bill, 1979.

ഈ ബില്ല് വളരെ കരുതലോടുകൂടിയും വളരെ പഠിച്ചും തയ്യാറാക്കിയിട്ടുള്ള ഒരു ബില്ലാണ്. ഈ ബില്ലിൽ ഉൾക്കൊള്ളുന്ന ആവശ്യം കശുവണ്ടി തൊഴിലാളികൾക്കു വെൽഫെയർ ഫണ്ട് സ്ഥാപിതമാക്കണമെന്നതാണ്. ഈ ആവശ്യം 1969 മുതൽ ഉന്നയിച്ചിട്ടുള്ളതാണ്. 1977-ൽ അന്നത്തെ വ്യവസായമന്ത്രി ഇന്നത്തെ മുഖ്യമന്ത്രി—വിളിച്ചു കൂട്ടിയ തൊഴിലാളി സംഘടനാ പ്രതിനിധി സമ്മേളനത്തിൽ ഇങ്ങനെയൊരു നിയമത്തിനു രൂപം നൽകാമെന്ന ഉറപ്പ് നൽകി. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ അദ്ദേഹം ഒരു ഉറപ്പു സഭയിൽ നൽകിയിരുന്നു; കഴിഞ്ഞ സമ്മേളനത്തിൽതന്നെ അവതരിപ്പിക്കുന്നതിനുവേണ്ടി ഒരു ബില്ല് ഞാൻ തയ്യാറാക്കിയിരുന്നു എന്ന്. അത് ഈ ബില്ല് തന്നെ ആണ്. അതുകൊണ്ട് അന്ന് ഞാൻ അത് അവതരിപ്പിച്ചില്ല. 1976-ൽ തൊഴിലാളികൾക്ക് 150 ദിവസത്തെ തൊഴിൽ കിട്ടിയിട്ടുണ്ട്. 1977-ൽ വെറും 100 ദിവസത്തെ ജോലി മാത്രമാണ് കിട്ടിയത്. ഈ വർഷം എത്ര ദിവസം ജോലി കിട്ടുമെന്നുള്ളത് തീർത്തും പറയാനൊക്കുകയില്ല. വളരെ കുറച്ചു ദിവസമേ കിട്ടുകയുള്ളൂ. അങ്ങനെ തൊഴിലാളികളുടെ സ്ഥിതി വളരെ മോശമാണ്. അൻപതു ദിവസത്തോളമെങ്കിലും ജോലി കിട്ടിയാൽ നന്നായിരിക്കും. അതിനു പല കാരണങ്ങളും ഉണ്ട്. അതൊന്നും ഈ അവസരത്തിൽ പറയുന്നില്ല. ഇത്തരത്തിലുള്ള രൂക്ഷമായ തൊഴിലില്ലായ്മ ഈ രംഗത്ത് അനുഭവപ്പെടുകയാണ്. അതുകൊണ്ട് അവർക്ക് എന്തെങ്കിലും ആശ്വാസം ഉണ്ടാക്കികൊടുക്കുകയെന്നുള്ളത് അത്യാവശ്യമാണ്. ഈ വ്യവസായത്തിൽ തൊഴിൽ കുറഞ്ഞു വരുന്നതിനെ സംബന്ധിക്കുന്ന കാരണങ്ങളെക്കുറിച്ച് കക്ഷിവ്യത്യാസം കൂടാതെ പ്രതിപക്ഷവും ഭരണപക്ഷവും ഒന്നിച്ചിരുന്ന് ഗൗരവതരമായി ആലോചിച്ചു പരിഹാരം കാണേണ്ട ഒരു പ്രശ്നമാണ്. അല്ലെങ്കിൽ പരമ്പരാഗതമായ ഈ വ്യവസായം നമുക്കു എന്നന്നേക്കുമായി നഷ്ടപ്പെടും. തൊഴിലാളികൾ പട്ടിണി കിടന്ന് നരകിക്കുകയാണ്. അതുകൊണ്ട് ഈ നിയമത്തിൽ ഉദ്ദേശിക്കുന്ന ആശ്വാസം തൊഴിലാളികൾക്ക് ലഭ്യമാക്കണം. തൊഴിലാളികൾക്ക് ജോലി കിട്ടുന്ന അവസരത്തിൽ അവരുടെ ശമ്പളത്തിൽ നിന്ന് ക്ലിപ്തമായ വിഹിതം പിടിക്കുക, മാനേജ്മെന്റ് അതിന്റെ ഇരട്ടി വിഹിതം കൊടുക്കുക, ഗവൺമെന്റിന്റെ ഒരു കോൺട്രിബ്യൂഷൻ ഉൾപ്പെടെയുള്ള ഒരു ഫണ്ടാണ് ഉദ്ദേശിക്കുന്നത്. ഈ വ്യവസായത്തിൽ നിന്ന് പർച്ചേസ് ടാക്സിനത്തിൽ കിട്ടുന്ന തുകയ്ക്ക് തുല്യമായ ഒരു തുകയാണ് ഗവൺമെന്റിന്റെ കോൺട്രിബ്യൂഷനായി ഉദ്ദേശിക്കുന്നത്. ഈ വ്യവസായത്തിന്റെ നിലനിൽപ്പും വളർച്ചയും ഈ രാജ്യത്തിന്റെ സാമ്പത്തിക ക്രമത്തെ ഗണ്യമായി സ്വാധീനിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന ഒന്നാണ്. വിദേശനാണ്യം ഗണ്യമായ തോതിൽ നേടുന്ന ഒരു വ്യവസായമാണ്. സർ, ഈ വ്യവസായത്തിൽ കൂടുതൽ തൊഴിൽ ലഭിക്കുന്നതിനുള്ള സാദ്ധ്യതകൾ വർദ്ധിപ്പിക്കാനായി ഗവൺമെന്റ് പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. കശുമാവ് കൃഷി വികസിപ്പിക്കാനുള്ള പദ്ധതിയാണത്. കൃഷിക്കാർക്ക് അവരുടെ കൃഷി

LIBRARY ARCHIVES Kerala Legislative Assembly

പ്രോൽസാഹിപ്പിക്കുവാൻ ഇൻസെൻറീവ് കൊടുക്കേണ്ടതുണ്ട്. പിന്നെ കൂടുതൽ തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ വിദേശരാജ്യങ്ങളുമായി നയതന്ത്ര തലത്തിൽ ബന്ധപ്പെട്ട് കൂടുതൽ തോട്ടണ്ടി ഇറക്കുമതി ചെയ്യാനായി ശ്രമങ്ങളാരംഭിച്ചിട്ടുണ്ട്. കൂടാതെ കൂടുതൽ തോട്ടണ്ടി ഇവിടെ ഉൽപ്പാദിപ്പിക്കുകയും ചെയ്തത് ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കാനും, ടേൺ ഓവർ വർദ്ധിപ്പിക്കാനും ഗവൺമെൻറ് ശ്രമിക്കണം. അതൊക്കെ വിജയിക്കുമെന്നാണ് എൻെറ വിശ്വാസം. അതൊക്കെ വിജയിപ്പിക്കാൻ സാർവ്വത്രികമായി യോജിച്ച് എല്ലാ കക്ഷികളും അഭിപ്രായവ്യത്യാസങ്ങൾ മാറിവച്ച് സഹകരിച്ചു പ്രവർത്തിക്കണം. അതിനു ഇടയ്ക്കുള്ള കാലം തൊഴിലില്ലായ്മ അനുഭവിക്കുന്ന തൊഴിലാളികൾക്ക് ആശ്വാസം നൽകുകയെന്നുള്ളതാണ് ഈ നിയമത്തിൻെറ ഉദ്ദേശം. ഈ സ്ക്കീം അനുസരിച്ച് രൂപീകരിക്കുന്ന ഫണ്ടിൽനിന്ന് എഴുപത്തിയഞ്ചു ശതമാനം തൊഴിലില്ലായ്മ വേതനമായും, ശേഷിക്കുന്ന ഇരുപത്തിയഞ്ചു ശതമാനം തൊഴിലാളികളുടെ വെൽഫെയർ അമിനിറ്റീസിനു വേണ്ടിയും നീക്കിവയ്ക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

സർ, പിന്നീട് തൊഴിൽ കിട്ടുന്ന മുറയ്ക്ക് ഗവൺമെൻറിൻെറ വിഹിതം കുറച്ചു കൊണ്ടുവരാവുന്നതാണ്. ആറു മാസത്തിൽ കൂടുതൽ തൊഴിൽ ലഭിച്ചാൽ അതിൽ കൂടുതൽ വരുന്ന ഓരോ മാസവും ഗവൺമെൻറിൻെറ വിഹിതത്തിൽ എട്ടും മൂന്നിലൊന്നു ശതമാനം കുറയ്ക്കാവുന്നതാണ്. അങ്ങനെയാണ് സ്ക്കീം തയ്യാറാക്കേണ്ടത്. വർഷം മുഴുവൻ ജോലി കിട്ടുന്ന അവസരത്തിൽ ഗവൺമെൻറ് കാൽ കാശുപോലും ഫണ്ടിന് കൊടുക്കേണ്ട കാര്യമില്ല. എന്നാൽ ആ ഫണ്ട് പിന്നീട് അവരുടെ അമിനിറ്റീസിനു വേണ്ടി ഉപയോഗിക്കണം. നമ്മുടെ രാജ്യത്തെ, അണ്ടർ എംപ്ലോയ്മെൻറിൻെറ രൂക്ഷത ഏറെറവും കൂടുതൽ അനുഭവിക്കുന്ന ഈ വിഭാഗം തൊഴിലാളികളെ പരിഗണന അർഹിക്കുന്നു. ഗവൺമെൻറിൻെറ ഉറപ്പനുസരിച്ച് ഈ നിയമസഭാ സമ്മേളനത്തിൽ തന്നെ ഈ നിയമം പാസ്സാക്കുമെന്നുള്ള ഉറപ്പ് പാലിക്കുമെന്നാണ് എൻെറ പ്രതീക്ഷ. ഈ നിയമം ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു തന്നെ അതിനെക്കുറിച്ച് പഠിച്ച് നിയമജ്ഞൻമാരുടെ ഉപദേശമൊക്കെ തേടികഴിഞ്ഞതിനുശേഷമാണ്. അത് അംഗീകരിച്ച് പാസാക്കുമെന്നുണ്ടെങ്കിൽ വളരെ നല്ല കാര്യമാണ്. ഈ സമ്മേളനത്തിൽ തന്നെ ഇത് പാസാക്കണമെന്നുള്ള നിർബന്ധമുണ്ട്. ഈ സമ്മേളനത്തിൻെറ ഷെഡ്യൂൾ ആകെ പരിശോധിച്ചാൽ ഇനി വളരെ കുറച്ചു ദിവസങ്ങളെ ഉള്ളൂ. ഇന്നലത്തെ ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ റിപ്പോർട്ടിലുണ്ട്. അത് പരിശോധിച്ചു നോക്കുമ്പോൾ ദിവസങ്ങൾ വളരെ കുറവാണ് കാണുന്നത്. അതുകൊണ്ട് ഈ സമ്മേളനത്തിൽ തന്നെ പാസാക്കണമെന്നുണ്ടെങ്കിൽ വളരെ ധൃതഗതിയിൽ തന്നെ നടപടി നടത്തണമെന്നാണ് എനിക്കു അപേക്ഷിക്കാനുള്ളത്.

തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. രാഘവൻ): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞപോലെ ഗവൺമെൻറ് നേരത്തെ ഉറപ്പു കൊടുത്തിട്ടുള്ളതാണ്. ആ ഉറപ്പിൻെറ അടിസ്ഥാനത്തിൽ, പരിശോധിച്ച് കുഴുവണ്ടി തൊഴിലാളികളുടെ പ്രത്യേക പരിതഃസ്ഥിതി കണക്കിലെടുത്തുകൊണ്ട് ഒരു പുതിയ ബില്ല് ഡ്രാഫ്റ്റ് ചെയ്തത് അതിൻെറ അവസാനരൂപം കൊടുത്തുകൊണ്ടിരിക്കുകയാണ്. ആ പരിതഃസ്ഥിതിയിൽ ഇത്തരം ഒരു ബിൽ ബഹുമാന

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ട മെമ്പറുടേതായി, സ്വകാര്യബില്ലായി വേണമെന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഈ ബിൽ പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. വേർഡ് ബൈ വേർഡായിട്ടു പറയാനൊക്കുകയില്ല. ഈ നിയമസഭയുടെ കാലാവധിയുടെ പരിമിതിയെക്കുറിച്ച് മെമ്പർ തന്നെ സൂചിപ്പിച്ചിട്ടുണ്ട്. ഇത് എഴുതിക്കൊണ്ടിരിക്കുകയാണ്, പ്രിൻറ് ചെയ്തില്ല. ഒക്കുമെങ്കിൽ ഈ സമ്മേളനത്തിൽ തന്നെ അവതരിപ്പിക്കുന്നതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഈ ബിൽ പിൻവലിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഈ സഭയിൽ ഈ സമ്മേളനത്തിൽത്തന്നെ ഒക്കുമെങ്കിൽ ഈ ബില്ല് പാസാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇല്ലെങ്കിൽ കശുവണ്ടിത്തൊഴിലാളികളുമായി ബന്ധപ്പെട്ട് ഈ നിയമം നടപ്പാക്കി കിട്ടുന്നതിന് മറ്റു മാർഗ്ഗം സഭയ്ക്കു പുറത്തു തേടേണ്ടിവരും. ഗവൺമെൻറിൻെറ ഉറപ്പ് ഞാൻ അംഗീകരിക്കുന്നു. അതുകൊണ്ട് ഞാൻ ഈ ബില്ല് അവതരിപ്പിക്കുന്നില്ല.

**Mr. Deputy Speaker:** Bill is not introduced.

## (3) പ്രമേയങ്ങൾ

### (i) കേരളത്തിലെ സഹകരണ സംഘങ്ങളെക്കുറിച്ച് ഒരു കമ്മിറ്റിയെ നിയോഗിക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. സുകുമാരനുണ്ണി:† സർ, ഞാൻ പ്രമേയം അവതരിപ്പിക്കുകയാണ്.

''കേരളത്തിലെ ചെറുതും വലുതുമായ സഹകരണ സംഘങ്ങളെക്കുറിച്ചും അവയിലെ ജീവനക്കാരുടെ പ്രശ്നങ്ങളെക്കുറിച്ചും പഠിക്കുന്നതിനും അവയ്ക്ക് പരിഹാരം കണ്ടുപിടിച്ച് സഹകരണ സംഘങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും വേണ്ടി ഒരു കമ്മിറ്റിയെ നിയോഗിക്കണമെന്ന ഈ സഭ ഗവണ്മെൻറിനോടഭ്യർത്ഥിക്കുന്നു.''

കേരളത്തിലെ വിവിധ രംഗത്തു പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളും, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകളും, ജില്ലാ ബാങ്കുകളും, മൊത്ത വ്യാപാര സഹകരണസംഘങ്ങളും, ഗ്രാമസഹകരണസംഘങ്ങളും, വ്യവസായ സഹകരണസംഘം തുടങ്ങി ഏതാണ്ട് അര ലക്ഷത്തോളം വരുന്ന സഹകരണസംഘങ്ങളും, രണ്ടു ലക്ഷത്തോളം ജീവനക്കാരുമുള്ള നമ്മുടെ സംസ്ഥാനത്ത് ഇന്ന് അവരുടെ സ്ഥിതി വളരെ ശോചനീയമാണ്. ഇന്ന് പല ചെറിയ സഹകരണസംഘങ്ങളിലും പ്രവർത്തിക്കുന്ന ആളുകൾക്ക് 20 രൂപ പോലും ശമ്പളം കിട്ടാത്ത സാഹചര്യമാണു കാണുന്നത്. ഈയിടെ അടുത്ത കാലത്ത് ഗവൺമെൻറ് വൻകിട സഹകരണ സംഘങ്ങൾക്ക് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ലാൻഡ് മോർട്ടുഗേജ് ബാങ്ക്, അതുപോലെ ഫെഡറേഷൻ സഹകരണസംഘങ്ങൾ തുടങ്ങിയവയിലെ ജീവനക്കാരുടെ ശമ്പളം പുതുക്കി നിശ്ചയിക്കുകയുണ്ടായി. എന്നാൽ ചെറുകിട സഹകരണസംഘങ്ങളിലെ ജീവനക്കാർക്ക് യാതൊരു

† ശ്രീ. കെ.പി. നൂറുദ്ദീൻെറ അഭാവത്തിൽ അദ്ദേഹം അധികാരപ്പെടുത്തിയതനുസരിച്ച് ശ്രീ. കെ. സുകുമാരനുണ്ണി പ്രമേയം അവതരിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly